## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5495** **27/03/2018-ൽ മറുപടിയ്ക്ക്**

## ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ സ്ഥലം വിട്ട് നൽകുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ശ്രീ വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ സ്ഥലം വിട്ട് നൽകുന്നതിലേയ്ക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത് ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽപ്പെട്ട അയ്‌രമൺ വില്ലേജിലെ അരുവാപ്പുറം പഞ്ചായത്തിൽ ബ്ലോക്ക് 35-ൽ റീസർവ്വേ നമ്പർ.120-ഉം, ബ്ലോക്ക് 34-ൽ റീസർവ്വേ നമ്പർ.146-ഉം, പന്തളം കൃഷിഭവനു കീഴിൽ വരുന്നതുമായ 3 ഏക്കറോളം ഭൂമിയിൽ നിന്നും വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് 16/06/2017-ൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ആയതിന്മേൽ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടുവെന്ന് വിശദീകരിക്കുമോ;<br><br>(സി) ഇതിലേക്കായി കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൃഷി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ എന്നാണ്; ആയതിൻമേൽ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ സമർപ്പിച്ച അപേക്ഷയിൽ അഭിപ്രായം അറിയിക്കുന്നതിന് കൃഷി ഡയറക്ടർക്ക് സർക്കാർ 22/09/2017-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൃഷി ഡയറക്ടർ പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് മറുപടിയ്ക്കായി അപേക്ഷയും അനുബന്ധ രേഖകളും നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള സർവ്വേ നമ്പരിൽ ഉൾപ്പെട്ട ഭൂമി കൃഷി വകുപ്പിന്റെ ഉടമസ്ഥതയിൽ ആണോ എന്ന് |

| | |
|---|---|
| | വ്യക്തമാക്കുന്നതിന് അനുബന്ധ രേഖകൾ അയ്‌രമൺ വില്ലേജ് ഓഫീസർക്ക് 07/03/2018-ൽ നൽകുകയും പകർപ്പ് കോന്നി തഹസിൽദാർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |
| **(ഡി)** നടപടി പൂർത്തീകരിച്ച് സ്ഥലം വിട്ട് നൽകുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | **(ഡി)** സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ച് അറിയിപ്പുകൾ ഒന്നുംതന്നെ അയ്‌രമൺ വില്ലേജ് ഓഫീസിൽ നിന്നോ കോന്നി താലൂക്കാഫീസിൽ നിന്നോ നാളിതുവരെ ലഭിച്ചിട്ടില്ല. |

Manoj M

സെക്ഷൻ ഓഫീസർ